1. ദൈവമേ, നിൻ അറിവാലെ
ഹൃദയം നീറെക്കുകേ
ജീവനാം നിൻ കൃപയാലെ
ആത്മ കൺ തുറക്കുകേ

ദൈവജ്ഞാനം ശ്രേഷ്ഠദാനം
ഭക്തൻ സത്യസമ്പത്തും
വാഞ്ഛിക്കേണം, കെഞ്ചിടേണം
ക്രിസ്തുവിങ്കൽ ക ത്തും.

2. ഒരു ബാലൻ തന്റെ പാത
നിർമ്മലമാക്കീടുവാൻ
കരുതേണം നിൻപ്രമാണം
കാത്തുസൂക്ഷിച്ചീടുവാൻ ദൈവ

3. തേടിയൊരു ശലോമോനും
ഈ നിക്ഷേപം ദർശനേ
നേടി കർത്തൻ സുപ്രസാദം
കേട്ടു തൻ രഹസ്യത്തെ ദൈവ

4. ദൈവഭക്തർക്കടിസ്ഥാനം
സത്യത്തിൻ പ്രകാശനം
ജീവശക്തി അതിൻ ദാനം
ഫലം ദിവ്യസ്വാതന്ത്ര്യം ദൈവ

5. നടക്കുമ്പോൾ ഇടറാതെ
ജ്ഞാനം കാൽകൾ സൂക്ഷിക്കും
കിടക്കുമ്പോൾ കൈവിടാതെ
ചുറ്റും കാവൽ നിന്നീടും ദൈവ

6. മണ്ണും പൊന്നും നീങ്ങിപ്പോകും
കണ്ണിൻമോഹം വാടുമേ
വിണ്ണിൻദാനം ആത്മജ്ഞാനം
നിലനില്ക്കും എന്നുമേ ദൈവ

7. ദൈവമേ, നിൻ വെളിപ്പാടിൻ
ആത്മാവിങ്ങും നല്കുകേ
നിൻ പ്രകാശം അവകാശം
ആക്കുവാൻ തന്നരുൾകേ ദൈവ

1. Daivame nin arivaale
Hrudayam nirakkuke
Jeevanaam nin krupayaale,
Athma kan thurakkuke

Daiva njanam sreshta daanam
Bhakthan sathya sampathum
Vanchikkenam, kenchidenam
Kristhuvinkal kandethum

2. Oru baalan thante paatha,
Nirmalamaakkiduvaan
Karuthenam nin pramaanam
Kaathu sookshichiduvaan Daiva...

3. Thediyoru Salomonum
Ee nikshepam darsane
Nedi karthan suprasaadam,
Kettu than rahasyathe Deivay...

4. Daiva bhaktharkadisthaanam,
Sthyathin prakaasanam
Jeevaskthi athin daanam,
Bhalam divya swaathanthryam Deiva...

5. Nadakkumpol idaraathe
Njaanam kaalkal sookshikkum
Kidakkumpol kaividaathe,
Chuttum Kaaval ninnidum Daiva...

6. Mannum ponnum neengippokum
Kannin moham vaadume
Vinnin dhaanam alma njaanam
Nilanilkum ennume Daiva...

7. Daivame nin velippadin
Atmaavingum nalkuke
Nin prakaasem avakaasam
Aakkuvaan thannarulke Daiva...